# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4509 — 04.02.2014-ലെ മറുപടിയ്ക്ക്

### ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ലഭിക്കുന്നതിനുള്ള അപേക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചക്കിട്ടപാറ വില്ലേജിൽ മുതുകാട് പ്രദേശത്ത് ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ലഭിക്കുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ബി) എങ്കിൽ എപ്പോഴാണ് പ്രസ്തുത ഭൂമിക്ക് വേണ്ടി അപേക്ഷ ലഭിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ;<br>(സി) ആയതിന്മേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;<br>(ഡി) 75276/യു3/2006/റവന്യൂ നമ്പർ ഫയലിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | **(എ) &(ബി) &(സി) &(ഡി)**<br>കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിൽപ്പെട്ട ഒരേക്കർ ഭൂമി വിവിധ ആവശ്യങ്ങൾക്കായി ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിനായുള്ള പഞ്ചായത്തിന്റെ 28.08.2006-ലെ അപേക്ഷ **75726/യു3/2006/റവ** നമ്പർ ഫയലിൽ പരിശോധിക്കുകയും റിപ്പോർട്ടിനായി അപേക്ഷയുടെ അസ്സൽ കോഴിക്കോട് ജില്ലാകളക്ടർക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ നാളുകൾക്ക് ശേഷവും റിപ്പോർട്ട് സർക്കാരിൽ ലഭിക്കാത്തതിനാൽ മേൽ ഫയൽ താല്ക്കാലികമായി തീർപ്പുകൽപ്പിച്ചിരുന്നു. തുടർന്ന് ഈ വിഷയത്തിന്മേൽ കോഴിക്കോട് ജില്ലാകളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 07.07.2013-ൽ സർക്കാരിൽ ലഭിച്ചത് **31932/യു3/2013/റവന്യൂ** നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ അപാകതകൾ ഉള്ളതിനാൽ ആയത് ദൂരീകരിച്ച് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**